**File No.SJD/947/2020-E9**

150 YEARS OF CELEBRATING THE MAHATMA

**സാമൂഹ്യനീതി ഡയറക്ടറുടെ നടപടി ക്രമങ്ങൾ**

(ഹാജർ: ഷീബ ജോർജ്ജ് ഐഎഎസ്)

ഉത്തരവ് നം. SJD/947/2020-E9

തിരുവനന്തപുരം,
തീയതി. 19/03/2020

വിഷയം: സാമൂഹ്യനീതി വകുപ്പ് - ജീവനക്കാര്യം - എക്സിക്യൂട്ടീവ് ഉത്തരവിന്റെ അടിസ്ഥാനത്തിലുള്ള പുന സംഘടന - 01/02/2020 പ്രാബല്യത്തിലുള്ള ക്ലറിക്കൽ അറ്റൻഡർ തസ്തികയിലെ ജീവനക്കാരുടെ താൽക്കാലിക സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം :
1.സ.ഉ (കൈ) നം.24/2017/സാനീവ തീയതി 30/6/2017.
2.സ.ഉ (കൈ) നം.23/2018/സാനീവ തീയതി 07/10/2018.
3.സ.ഉ (അച്ചടി) നം.10/2019 /സാനീവ തീയതി 21/10/2019.
4.സാമൂഹ്യനീതി ഡയറക്ടറുടെ 21/01/2020 ലെ Spl Cell-01/2019 നമ്പർ നടപടിക്രമങ്ങൾ
5.സാമൂഹ്യനീതി ഡയറക്ടറുടെ 01/02/2020 ലെ ഇ 9/20/2020 നമ്പർ നടപടിക്രമങ്ങൾ

പരാമർശം (1) പ്രകാരം സ്ത്രീകളുടെയും കുട്ടികളുടെയും ക്ഷേമത്തിനും വികസനത്തിനുമായി സാമൂഹ്യനീതി വകുപ്പ് വിഭജിച്ച് വനിത ശിശു വികസന വകുപ്പ് രൂപീകരിച്ചതിന്റെ അടിസ്ഥാനത്തിൽ സാമൂഹ്യ നീതി വകുപ്പിൽ നിലനിന്നിരുന്ന 3795 തസ്തികകളിൽ 535 തസ്തികകൾ സാമൂഹ്യനീതി വകുപ്പിൽ നിലനിർത്തിയും 3260 തസ്തികകളും പരാമർശം (1) പ്രകാരം സൃഷ്ടിച്ച 24 തസ്തികകളും ഉൾപ്പെടെ 3284 തസ്തികകൾ വനിത ശിശു വികസന വകുപ്പിലേയ്ക്കും അനുവദിച്ച് ഇരു വകുപ്പുകളിലെയും കേഡർ സ്ട്രെങ്ത് നിർണ്ണയിച്ചിരുന്നു. പ്രസ്തുത കേഡർ സ്ട്രെങ്തിന്റെ അടിസ്ഥാനത്തിൽ രണ്ടു വകുപ്പിലെയും ജീവനക്കാരുടെ പുനർവിന്യാസം, നിയമനം, സ്ഥാനക്കയറ്റം എന്നിവയ്ക്കായി വ്യവസ്ഥകൾ നിശ്ചയിച്ച് പരാമർശം (3) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഉത്തരവിലെ നിർദ്ദേശാനുസരണം ജീവനക്കാരെ ഇരു വകുപ്പുകളിലുമായി പുനർ വിന്യസിച്ച് പരാമർശം (4) പ്രകാരം ഉത്തരവായിരുന്നു.

2. വകുപ്പ് വിഭജനത്തിനു മുൻപ് സാമൂഹ്യനീതി വകുപ്പിൽ 3 ക്ലറിക്കൽ അറ്റൻഡർ തസ്തികകളാണ് നിലനിന്നിരുന്നത്. പ്രസ്തുത തസ്തികകളിലെ ജീവനക്കാരുടെ വിവിധ കാലയളവിലെ ജീവനക്കാരുടെ സീനിയോറിറ്റി ലിസ്റ്റുകൾ വിവിധ ഉത്തരവുകളിലൂടെ സാമൂഹ്യനീതി ഡയറക്ടർ പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ കേഡർ സ്ട്രെങ്ത് നിർണ്ണയിച്ച കൊണ്ടുള്ള പരാമർശം (2) പ്രകാരമുള്ള ഉത്തരവു പ്രകാരം സാമൂഹ്യനീതി വകുപ്പിലെ ക്ലറിക്കൽ അറ്റൻഡർ തസ്തികയുടെ കേഡർ സ്ട്രെങ്ത് പുനർ നിർണ്ണയിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ പരാമർശം (4) പ്രകാരം വനിത ശിശു വികസന വകുപ്പിൽ പുനർവിന്യസിക്കപ്പെട്ട ജീവനക്കാരിയെ ഒഴിവാക്കി സാമൂഹ്യനീതി വകുപ്പിൽ പുനർവിന്യസിക്കപ്പെട്ട ജീവനക്കാരെ മാത്രം ഉൾപ്പെടുത്തി ക്ലറിക്കൽ അറ്റൻഡർ തസ്തികയിലെ ജീവനക്കാരുടെ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിക്കേണ്ടതുണ്ട്.

3. ഈ സാഹചര്യത്തിൽ പരാമർശം (4) പ്രകാരമുള്ള ഉത്തരവിന്റെ അടിസ്ഥാനത്തിൽ സാമൂഹ്യനീതി വകുപ്പിൽ പുനർവിന്യസിക്കപ്പെട്ട ക്ലറിക്കൽ അറ്റൻഡർ തസ്തികയിലെ ജീവനക്കാരുടെ താൽക്കാലിക സീനിയോറിറ്റി ലിസ്റ്റ് ഇതോടൊപ്പം പ്രസിദ്ധീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

File No.SJD/947/2020-E9

4. ഈ ഉത്തരവിൻമേൽ ആക്ഷേപം/ പരാതിയുള്ള ജീവനക്കാർ **ഉത്തരവു തീയതി മുതൽ 15 ദിവസത്തിനകം** ആധികാരിക രേഖകൾ സഹിതം കാര്യാലയമേധാവി മുഖേന അപേക്ഷ സമർപ്പിക്കാവുന്നതാണ് . സമയപരിധി കഴിഞ്ഞു ലഭിക്കുന്ന ആക്ഷേപങ്ങൾ / പരാതികൾ പരിഗണിക്കുന്നതല്ല.

(ഒപ്പ്)
സാമൂഹ്യനീതി ഡയറക്ടർ

ബന്ധപ്പെട്ട ജീവനക്കാർക്ക് (കാര്യാലയമേധാവി മുഖേന)

പകർപ്പ് :

1. എല്ലാ കാര്യാലയമേധാവികൾക്കും
2. സൂപ്രണ്ട്, ഐറ്റി സെക്ഷൻ
3. ഇ 1 മുതൽ ഇ 6 സീറ്റ് വരെ
4 സാമൂഹ്യനീതി ഡയറക്ടറുടെ സിഎ യ്ക്ക്
5 സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
സൂപ്രണ്ട്

ജി.ഒ (പി) നം.10/2019/സാനീവ തീയതി 21/10/2019 പ്രകാരമുള്ള എക്സിക്യൂട്ടീവ് ഉത്തരവിന്റെ അടിസ്ഥാനത്തിൽ കേഡർ സ്ട്രെങ്ത് പ്രകാരം ക്ലറിക്കൽ അറ്റൻഡർ തസ്തികയിലെ ജീവനക്കാരെ പുനർ വിന്യസിച്ച ശേഷം 01/02/2020 തീയതി പ്രാബല്യത്തിൽ സാമൂഹ്യനീതി വകുപ്പിൽ നിലവിൽ വന്ന ക്ലറിക്കൽ അറ്റൻഡർ തസ്തികയിലെ ജീവനക്കാരുടെ താൽക്കാലിക സീനിയോറിറ്റി ലിസ്റ്റ്

| ക്രമ നം. | പേര് | ജനന തീയതി | വിദ്യാഭ്യാസ യോഗ്യത | | പി.എസ്.സി അഡ്വൈസ് നമ്പരും തീയതിയും/ നിയമന ഉത്തരവ് നമ്പരും തീയതിയും | ജോലിയിൽ പ്രവേശിച്ച തീയതി | അഭിപ്രായം |
|---|---|---|---|---|---|---|---|
| | | | ജനറൽ | സ്പെഷ്യൽ | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 |
| 1 | ശ്രീമതി. അജിത.സി<br>PEN No. 211903 | 27/09/1966 | SSLC, Dipl. In Tailoring, Type Writing Eng.(L) | | സാമൂഹ്യനീതി ഡയറക്ടറുടെ 17/12/2018 ലെ ഇ 3/36715/17 നമ്പർ നടപടിക്രമങ്ങൾ | 20/12/2018 | |
| 2 | ശ്രീമതി. വസന്തകുമാരി.ജി<br>PEN No. 211766 | 30/05/1970 | MA, B Ed | | സാമൂഹ്യനീതി ഡയറക്ടറുടെ 01/07/2019 ലെ ഇ 3/7781/19 നമ്പർ നടപടിക്രമങ്ങൾ | 01/07/2019 | |

സാമൂഹ്യനീതി ഡയറക്ടർ